**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 786** **26-07-2021 - ൽ മറുപടിയ്ക്ക്**

**പൊതു വിദ്യാഭ്യാസ മേഖല കൈവരിച്ച നേട്ടങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി കെ. കെ. ശൈലജ ടീച്ചർ ,<br>ശ്രീ. എച്ച്. സലാം,<br>ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ,<br>ശ്രീ. ലിന്റോ ജോസഫ് | | Shri V Sivankutty<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ പൊതു വിദ്യാഭ്യാസ മേഖല കൈവരിച്ച നേട്ടങ്ങൾ തുടരുന്നതിനും കോവിഡിന്റെ പ്രതികൂല സാഹചര്യത്തിലും അവ കൂടുതൽ കാര്യക്ഷമമായി കൊണ്ടുപോകുന്നതിനും എന്തെല്ലാം പദ്ധതികളാണ് ആസൂത്രണം ചെയ്തുവരുന്നതെന്ന് വ്യക്തമാക്കാമോ; | (എ) | സംസ്ഥാനത്തെ പൊതുവിദ്യാഭ്യാസ മേഖല കൈവരിച്ച നേട്ടങ്ങൾ തുടരുന്നതിനും കോവിഡിന്റെ പ്രതികൂല സാഹചര്യത്തിലും അവ കാര്യ ക്ഷമമായി കൊണ്ടുപോകുന്നതിനും വിവിധ പദ്ധതികളാണ് സർക്കാർ ആസൂത്രണം ചെയ്ത് നടപ്പിലാക്കി വരുന്നത്. നടപ്പിലാക്കി വരുന്ന പ്രവർത്തനങ്ങൾ ചുവടെ ചേർക്കുന്നു. 1. കൈറ്റ്-വിക്ടേഴ്സ് ചാനലിലൂടെയുള്ള ഡിജിറ്റൽ ക്ലാസ്സുകളുടെ സംപ്രേക്ഷണം 2. അധ്യാപകർക്കുള്ള ഓൺലൈൻ പരിശീലനപരിപാടികൾ 3. ഭിന്നശേഷി വിദ്യാർത്ഥികൾക്കുള്ള ഡിജിറ്റൽ വിഭവങ്ങളുടെ നിർമ്മാണവും വിനിമയവും 4. അധ്യാപക വിദ്യാർത്ഥികൾക്ക് വേണ്ടിയുള്ള ഓൺലൈൻ ക്ലാസ്സുകളും പഠനപ്രവർത്തനങ്ങളും. 5. അധ്യാപകരുടെ നേതൃത്വത്തിൽ സമൂഹ മാധ്യമങ്ങൾ പ്രയോജന പ്പെടുത്തി കൊണ്ടുള്ള ഇന്ററാക്ടീവ് ക്ലാസ്സുകൾ. 6. പ്രീ-പ്രൈമറി വിദ്യാർത്ഥികൾക്ക് രക്ഷകർത്താക്കളുടെ സഹായത്താൽ പരിചരണവും പഠനവും നൽകുന്നതിനുള്ള 'പ്രശിക്ഷാ'-അധ്യാപക പരിശീലനം |
| (ബി) | കേന്ദ്ര വിദ്യാഭ്യാസ വകുപ്പ് പുറത്തിറക്കിയ 2019-20 ലെ രാജ്യത്തെ സ്കൂൾ വിദ്യാഭ്യാസ റിപ്പോർട്ട് സർക്കാർ പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ അതിന്റെ വിശദവിവരങ്ങൾ ലഭ്യമാക്കുമോ; | (ബി) | 2019-20 ൽ കേന്ദ്ര വിദ്യാഭ്യാസ വകുപ്പ് പ്രസിദ്ധികരിച്ച പെർഫോർമൻസ് ഗ്രേഡിംഗ് ഇൻഡക്സ്(PGI) എന്ന റിപ്പോർട്ട് സർക്കാർ പരിശോധിച്ചിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ട് പ്രകാരം കേരളം 'എ' എന്ന ഗ്രേഡിലാണ്. കേരളം ഉൾപ്പെടെ അഞ്ച് സംസ്ഥാനങ്ങളാണ് ഒന്നാമത്തെ ശ്രേണിയിൽ വന്നിട്ടുള്ളത്. പത്ത് ശ്രേണികളിലായിട്ടാണ് പ്രസ്തുത റിപ്പോർട്ട് തയ്യാറാക്കിയിട്ടുള്ളത്. കഴിഞ്ഞ വർഷത്തെ അപേക്ഷിച്ച് കേരളത്തിന്റെ സ്കോർ നില 5% മെച്ചപ്പെട്ടിട്ടുണ്ട്. 1. പ്രാപ്യത വിദ്യാർത്ഥികൾക്കുള്ള |

| | | | |
|---|---|---|---|
| | | | വിദ്യാലയ പ്രാപ്യതയുടെ കാര്യത്തിൽ കേരളമാണ് ഏറ്റവും മുന്നിൽ . ഇക്കാര്യത്തിൽ കേരളത്തിന് 80 ന് 79 സ്കോർ ലഭിച്ചിട്ടുണ്ട് പഞ്ചാബ് സംസ്ഥാനത്തിന് മാത്രമേ കേരളത്തോടൊപ്പം എത്താൻ കഴിഞ്ഞിട്ടുള്ളൂ. 89 ന് 49 സ്കോർ വരെ നേടിയ സംസ്ഥാനങ്ങൾ ഉണ്ട് എന്നത് കേരളത്തിന്റെ മാറ്റ് വർദ്ധിപ്പിക്കുന്നു. 2. പഠന നേട്ടങ്ങൾ വിദ്യാഭ്യാസത്തിന്റെ ഗുണത ഉറപ്പ് വരുത്തുന്നതിലും പഠന നേട്ടങ്ങൾ സ്വാംശീകരിക്കുന്നതിലും കേരളം മുമ്പിൽ തന്നെ. ഇക്കാര്യത്തിൽ കേരളത്തിന് 180 ന് 160 സ്കോർ ലഭിച്ചിട്ടുണ്ട്. 3. അടിസ്ഥാന സൗകര്യങ്ങൾ വിദ്യാലയങ്ങളുടെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്ന കാര്യത്തിൽ കേരളത്തിന് ഉയർന്ന സ്കോർ ലഭിച്ചിട്ടുണ്ട്. ഇക്കാര്യത്തിൽ കേരളത്തിന് 150 ന് 130 സ്കോർ ലഭിച്ചിട്ടുണ്ട്. 40 സ്കോർ ലഭിച്ച ബീഹാർ ആണ് ഏറ്റവും പിന്നിൽ 4. തുല്യത വിദ്യാഭ്യാസ രംഗത്ത് തുല്യമായ അവസരങ്ങൾ പ്രദാനം ചെയ്യുന്ന കാര്യത്തിൽ കേരളത്തിന് 230 ന് 216 സ്കോർ ആണ് ലഭിച്ചത്. 156 സ്കോർ നേടിയ സംസ്ഥാനങ്ങൾ കൂടിയുണ്ട് എന്നതും ശ്രദ്ധേയമാണ്. നീതി ആയോഗ് തയ്യാറാക്കിയ സുസ്ഥിര വികാസ സൂചികയിലും സ്കൂൾ വിദ്യാഭ്യാസ ഗുണനിലവാര സൂചികയിലും കേരളം ഒന്നാം സ്ഥാനത്താണ്. വിദ്യാർത്ഥികൾക്ക് ഗുണനിലവാരമുള്ള വിദ്യാഭ്യാസം ഉറപ്പാക്കുന്ന കാര്യത്തിൽ സംസ്ഥാനം 80% സ്കോർ നേടി ഒന്നാമതെത്തിയിരുന്നു. ഗുജറാത്തിന്റെ സ്കോർ 52 ഉം ഉത്തർപ്രദേശിന്റെ സ്കോർ 51 ഉം ആണ്. പഠന നേട്ടങ്ങൾ ആർജ്ജിക്കുന്ന കാര്യത്തിൽ കേരളം മുന്നിലാണ്. ദേശീയ ശരാശരി 71.80% ഉം കേരളത്തിന്റെ ശരാശരി 86.75 ഉം ആണ്. അടിസ്ഥാന സൗകര്യങ്ങൾ ഉറപ്പാക്കുന്ന കാര്യത്തിലും കേരളം മുന്നിലാണ്. ഇന്ത്യയിലെ വിദ്യാലയങ്ങളെ മുഴുവനായി പരിശോധിക്കുമ്പോൾ 84% ന് മാത്രമേ അടിസ്ഥാന സൗകര്യമുള്ളൂ. എന്നാൽ കേരളത്തിന് ഇത് 97.24% ആണ് എന്നത് ഇവിടുത്തെ പൊതു വിദ്യാലയങ്ങളുടെ സൗകര്യങ്ങളുടെ മികവ് വിളിച്ചോതുകയാണ്. |
| (സി) | പഠന നിലവാരത്തിലും പഠനേതര വിഷയത്തിലും സ്കൂളുകളുടെ പശ്ചാത്തല വികസനത്തിലും കേരളത്തിനുണ്ടായ നേട്ടങ്ങളായി റിപ്പോർട്ടിൽ പ്രത്യേകമായി പ്രതിപാദിച്ചിട്ടുള്ളതെന്ന് എന്തെല്ലാമാണ് അറിയിക്കാമോ? | (സി) | പഠന നേട്ടങ്ങളെ സംബന്ധിച്ചും പഠനേതര വിഷയത്തിലും പശ്ചാത്തല വിക സനത്തിലും കേരളം മികച്ച നിലവാരം പുലർത്തുന്നതായി റിപ്പോർട്ട് വിലയിരുത്തുന്നു. വിദ്യാഭ്യാസ നിലവാരത്തിലും പഠനനേട്ടങ്ങൾ ആർജ്ജിക്കുന്നതിലും കേരളം ഏറെ മുന്നിലാണ്. കേരളത്തിന് 180 ൽ 160 ലഭിച്ചിട്ടുണ്ട്. അടിസ്ഥാന |

| | | | |
|---|---|---|---|
| | | | സൗകര്യ വികസനത്തിന് കേരളത്തിന് 150 ൽ 130 സ്കോർ ലഭിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ